Draft #3 of File 141341/AD A4-1/2021/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 17-Feb-2022 01:49 AM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല

141341/AD A4-1/2021/എ ഡി എ 4
17.02.2022

## പരിപത്രം

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ് - ലോക മാതൃഭാഷാദിനം - ഭാഷാപ്രതിജ്ഞയെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ്-ൻറെ 09.02.2022 തീയതിയിലെ ഒ.എൽ.4/4/2022/പി&എ ആർ ഡി നമ്പർ സർക്കുലർ.
2) രജിസ്ട്രാറുടെ 16.02.2022 തീയതിയിലെ ഉത്തരവ്.

ലോക മാതൃഭാഷാ ദിനമായ ഫെബ്രുവരി 21-ന് എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപകരും വിദ്യാർത്ഥികളും സൂചന (1) സർക്കുലർ പ്രകാരമുള്ള പ്രതിജ്ഞയെടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന് ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് അറിയിച്ചിരുന്നു.

ആയത് പരിഗണിച്ച്, സർവ്വകലാശാലയിലെ എല്ലാ പഠന വകുപ്പുകളിലും 2022 ഫെബ്രുവരി 21 -ന് വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് താഴെ കൊടുത്തിരിക്കുന്ന ഭാഷാപ്രതിജ്ഞയെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഷാപ്രതിജ്ഞ

**"മലയാളമാണ് എന്റെ ഭാഷ**
**എന്റെ ഭാഷ എന്റെ വീടാണ്.**
**എന്റെ ആകാശമാണ്.**
**ഞാൻ കാണുന്ന നക്ഷത്രമാണ്.**
**എന്നെത്തഴുകുന്ന കാറ്റാണ്.**
**എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.**
**എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.**
**ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത്**
**എന്റെ ഭാഷയിലാണ്.**
**എന്റെ ഭാഷ ഞാൻ തന്നെയാണ്."**

രമേഷ് ആർ
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:-
1. എല്ലാ പഠന വകുപ്പ് മേധാവികൾക്കും (തുടർനടപടികൾ സ്വീകരിക്കുന്നതിനായി)
2. വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ പി.എ.
4. പി.ആർ.ഒ/സി.എം.എസ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം